ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com



ടിനി ഫിലിപ്പ്

# സംരംഭക വിജയത്തിന് വേണം തത്വചിന്തകൾ

**സംരംഭകത്വത്തിൽ വിവിധ കഴിവുകൾ വർധിപ്പിക്കുന്നതിന് സംരംഭകരെ തത്വചിന്ത സഹായിക്കുമെന്ന് ലേഖകൻ**

സമൂഹത്തിൽ വർധിച്ചു വരുന്ന ഭിന്നിപ്പ്, പ്രശ്നം നേരിടുന്ന സമ്പദ്‌വ്യവസ്ഥ, കാലാവസ്ഥാ വ്യതിയാനം, സാംക്രമിക രോഗം തുടങ്ങി ഒട്ടേറെ ആഗോള പ്രശ്നങ്ങൾ നേരിടുന്ന ഇന്നത്തെ അപകടകരമായ പരിതസ്ഥിതിയിൽ സംരംഭകർക്ക് ആവശ്യമായ ഒരു തത്വചിന്ത പകർന്നു നൽകുക എന്നതാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

നിർവചിക്കാൻ അത്രയെളുപ്പം സാധിക്കുന്ന ഒന്നല്ല തത്വചിന്തയെങ്കിലും ചിന്തയുടെ കലയാണ് അതെന്ന് പൊതുവായി പറയാം. യുക്തിയുടെ പ്രധാന ഉപകരണമാണത്.

അജ്ഞാതവും അവ്യക്തവും, തെളിഞ്ഞുവരുന്നതുമായ (സമയബന്ധിതമായി) യാഥാർത്ഥ്യങ്ങൾ നേരിടാൻ സംരംഭകരെ തത്വചിന്ത സഹായിക്കും. വസ്തുതകളും വിവരങ്ങളും കൊണ്ട് മാത്രം തീരുമാനിക്കാൻ കഴിയാത്ത കാര്യങ്ങളെ കുറിച്ച് മനസ്സിലാക്കാൻ അത് സംരംഭകരെ പ്രാപ്തരാക്കും.

ചുരുക്കത്തിൽ ഒരു നല്ല തത്വചിന്ത ഇന്നത്തെ സാഹചര്യത്തിൽ വിജയികളായ സംരംഭകരാകാൻ അവരെ സഹായിക്കും.

ഈ തത്വചിന്തയുടെ പ്രയോഗം താഴെ പറയുന്ന മേഖലകളിൽ അവരുടെ നൈപുണ്യം വർധിപ്പിക്കുന്നതിന് സംരംഭകരെ സഹായിക്കും.

**തുടർച്ചയായ സ്വയം വികസനം**
(Continuous Self- Development)

**വലുതായി ചിന്തിക്കൽ**
(Looking at the Bigger Picture)

**സങ്കീർണത കൈകാര്യം ചെയ്യൽ**
(Handling Complexity)

ഈ മേഖലകളിൽ കഴിവുകൾ വർധിക്കുന്നതിലൂടെ, ഫിഗർ ഒന്നിൽ കാണിച്ചിരിക്കുന്നതു പോലെ, സംരംഭകർ ഇന്നത്തെ സാഹചര്യത്തിൽ വിജയത്തിന് ആവശ്യമായ ശരിയായ നടപടി കൈക്കൊള്ളാൻ പ്രാപ്തരാകുന്നു.

*Figure 1: Conceptual Model of Philoosphy of Entrepreneurs*




ഈ മൂന്നു മേഖലകളും വിശദമായി പരിശോധിക്കാം.

തുടർച്ചയായ സ്വയം വികാസം എന്നതിലൂടെ ഞാൻ ഉദ്ദേശിച്ചത്.,

സംരംഭകരെ ഗൗരവകരമായി ചിന്തിക്കാൻ തത്വശാസ്ത്രം പ്രേരിപ്പിക്കുന്നു. ഉടനടി ടാസ്ക് ലിസ്റ്റിനുമപ്പുറം ചിന്തിക്കാനും ചിന്ത മെച്ചപ്പെടുത്താനും അവർ നേരിടുന്ന പ്രശ്നങ്ങൾക്ക് നൂതനമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനും അത് സഹായിക്കുന്നു. അത് സംരംഭകരുടെ ആശയവിനിമയ പാടവം തുടർച്ചയായി മെച്ചപ്പെടുത്തുകയും അതുകൊണ്ട് അവർ കൊണ്ടുവരുന്ന നൂതനമായ പരിഹാരങ്ങൾ ഫലപ്രദമായി ടീം അംഗങ്ങളെ ബോധ്യപ്പെടുത്താനാകുകയും ചെയ്യുന്നു.

കാര്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള കഴിവ്- എന്തു ചെയ്യണമെന്നും ചെയ്യരുതെന്നും തീരുമാനിക്കുന്നതടക്കം- സംരംഭകരിൽ തത്വശാസ്ത്രത്തിലൂടെ മെച്ചപ്പെട്ടു കൊണ്ടേയിരിക്കും. അതുകൊണ്ടു തന്നെ കണ്ടെത്തിയിരിക്കുന്ന നൂതനമായ പരിഹാരങ്ങൾ കമ്പനിയിൽ പെട്ടെന്ന് നടന്നെ നടപ്പിലാക്കാൻ കഴിയും.

വലുതായി ചിന്തിക്കുകയെന്നാൽ.,

ശാശ്വത പരിഹാരം കാണ്ടെത്താനാകാത്തതെന്ന് തോന്നിക്കുന്ന കടുത്ത പ്രശ്നങ്ങൾ സംരംഭകർ പതിവായി അവരുടെ സ്ഥാപനങ്ങളിൽ അഭിമുഖീകരിക്കുന്നു. അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഏക മാർഗം അവയെ ഉയർന്ന തലത്തിൽ നോക്കിക്കാണുക എന്നതാണ്. ഈ വീക്ഷണത്തിലൂടെ സംരംഭകർക്ക് പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കാനാകുന്നു.

പരിഹരിക്കാനാകാത്ത പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോൾ, വിജയകരമായ ഒരു തത്വചിന്ത സംരംഭകരെ വലുതായി ചിന്തിക്കാൻ പരിശീലിപ്പിക്കുകയും നൂതനമായ പരിഹാരങ്ങൾ കണ്ടെത്താൻ സഹായിക്കുകയും ചെയ്യുന്നു.

സങ്കീർണത കൈകാര്യം ചെയ്യൽ കൊണ്ട് ഉദ്ദേശിക്കുന്നത്.,

ഇന്നത്തെ യാഥാർത്ഥ്യം സങ്കീർണവും മനസ്സിലാക്കാൻ ബുദ്ധിമുട്ടുമാണ്. ബിസിനസ്, വ്യവസായം തുടങ്ങിയ സിസ്റ്റം വളരെ സങ്കീർണമായാണ് കാണപ്പെടുന്നത്. ഫിഗർ രണ്ടിൽ കാണുന്നതു പോലെ സിസ്റ്റം എ ലളിതമെന്നും സിസ്റ്റം ബി സങ്കീർണമെന്നും തോന്നാം.

*Figure 2: Simple and Complex System*




ഒരു സിസ്റ്റത്തെ പൂർണമായി വിവരിക്കുന്നതിന് കൂടുതൽ ഡാറ്റ ഘടകങ്ങൾ ആവശ്യമുണ്ടെങ്കിൽ ആ സിസ്റ്റം സങ്കീർണമാണെന്നതാണ് സങ്കീർണത എന്ന വാക്കിന്റെ പൊതുവായ നിർവചനം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നിങ്ങൾക്ക് ഒരു സിസ്റ്റത്തെ കുറച്ചു വാക്യങ്ങളിൽ വിശദീകരിക്കാൻ കഴിയുമെങ്കിൽ ഒരു ഒരു ലളിതമായ സിസ്റ്റമാണ്. എന്നാൽ അത് വിവരിക്കാൻ ധാരാളം പേജുകൾ ആവശ്യമുണ്ടെങ്കിൽ അത് സങ്കീർണമായ സിസ്റ്റമാണ്. അതുകൊണ്ടാണ് മിക്ക ആളുകൾക്കും സിസ്റ്റം ബി സിസ്റ്റം എ യേക്കാൾ സങ്കീർണമായി തോന്നുന്നത്.

യഥാർത്ഥത്തിൽ സിസ്റ്റം ബി ലളിതമാണെന്നും സങ്കീർണമാണെന്നത് തോന്നൽ മാത്രമാണെന്നും മനസ്സിലാക്കാൻ സംരംഭകരെ തത്വചിന്ത സഹായിക്കും. കുറച്ചു ഘടകങ്ങളാണ് സിസ്റ്റം ബി യുടെ പ്രകടനത്തെ നയിക്കുന്നത്. അതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഒരു സംരംഭകന് സിസ്റ്റം ലളിതമാക്കാൻ കഴിയും.

സംരംഭകർ ശരിയായ തത്വചിന്ത സ്വീകരിക്കുന്നില്ലെങ്കിൽ വരും വർഷങ്ങളിൽ വിജയകരമായി സംരംഭത്തെ നയിക്കാൻ അവർക്ക് ബുദ്ധിമുട്ടാകുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ■

ON STANDS




GRAB YOUR COPY NOW

Here's another classic from the stable of Dhanam Publications that is sure to inspire anyone aspiring for business success and help keep the fire alive as they move forward.

To buy online visit subscribe.dhanamonline.com

ധനം BUSINESS MAGAZINE

Dhanam Publications Pvt. Ltd.
Ph: 0484 - 2315840, 2316494
Email: subscription@dhanam.in
Mobile: 9072570051

Bank Transfer (within India)
A/c. Name: DHANAM PUBLICATIONS PVT. LTD.
A/c. No.: 002433000000015
Bank: Indian Overseas Bank.
Branch: Ernakulam | IFSC: IOBA0000024